# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7803 23.07.2012 - ൽ മറുപടിയ്ക്ക്

## ജില്ലാ-സംസ്ഥാന നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ജില്ലാ-സംസ്ഥാന നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) | സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ റിവ്യൂ മീറ്റിംഗുകൾ നടത്തി വിലയിരുത്താറുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ ജില്ലാ കളക്ടറുടെ കീഴിലുള്ള സ്ഥാപനമായതിനാൽ ജില്ലാ തലത്തിലാണ് റിവ്യൂ നടത്തേണ്ടത്. |
| ബി) പ്രസ്തുത നിർമ്മിതി കേന്ദ്രങ്ങൾക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം ഏതൊക്കെ ആവശ്യങ്ങൾക്ക് എത്ര വീതം എന്ന് വിശദമാക്കാമോ; | ബി) | 2012-2013 സാമ്പത്തിക വർഷം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ 2216-80-101-99, 2216-80-101-98 എന്നീ Head of Account കളിലായി KESNIK, LaBISHaS എന്നിവയുടെ പ്രവർത്തനങ്ങൾക്കായി യഥാക്രമം 678 ലക്ഷം, 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് പദ്ധതി വിഹിതം അനുവദിച്ചിട്ടില്ല. |
| സി) സർക്കാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുമ്പോൾ പാലിക്കേണ്ട പൊതുവ്യവസ്ഥകൾ എന്തൊക്കെയാണ്; ഇവ നിലവിലില്ലെങ്കിൽ വ്യവസ്ഥകൾക്ക് രൂപം നൽകുമോ; | സി) | നിർമ്മിതി കേന്ദ്രങ്ങൾ സർക്കാർ ഉത്തരവ് G.O(P)No. 408/2007/Fin dated, 7/9/2007 ൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണ് സർക്കാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നത്. |
| ഡി) ഏറ്റെടുത്ത പ്രവൃത്തികൾ മൂന്നുവർഷം കഴിഞ്ഞിട്ടും പൂർത്തി | ഡി) | ഉണ്ട്. ഏറ്റെടുത്ത് നടത്തി വരുന്ന 304 പ്രോജക്ടുകളിൽ താഴെപ്പറയുന്ന 11 പ്രോജക്ടുകളാണ് കഴിഞ്ഞ 3 |

| | | |
|---|---|---|
| യാക്കാത്തവ ഉണ്ടോ; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ; | | കൊല്ലത്തോളമായി വിവിധ കാരണങ്ങളാൽ പൂർത്തിയാകാത്തത്.<br>1. Slum improvement programme at Poonkulam, Trivandrum BSUP for Trivandrum Corporation.<br>2. Slum improvement programme at 2 cent colony, Trivandrum BSUP for Trivandrum Corporation.<br>3. Non wood forest produce collection and processing centre at Kottoor.<br>4. ST Housing project, Kuriyottumala.<br>5. Agriculture office building at Punnapra.<br>6. School building GHSS, Murukum, Wayanad.<br>7. Training Centre – Koothattukulam.<br>8. Houses for Primitive tribals – Wayanad.<br>9. Childrens Park – Thalassery.<br>10. Connectivity to Soojippara.<br>11. Thirunelli – Ashramam Road. |
| ഇ) വരുമാന വർദ്ധനവിന് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സന്നദ്ധരായവർക്ക് സഹായം നൽകുമോ; | ഇ) | നിലവിൽ പദ്ധതി ഇല്ല. |
| എഫ്) കലവറയിലൂടെ വില്പന നടത്തുന്ന സിമന്റ്, കമ്പി എന്നിവയുടെ വിലയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇത് എല്ലാ കലവറകൾക്കും ബാധകമാണോ; ഇതുമൂലം നഷ്ടം ഉണ്ടായാൽ സഹായം നൽകുമോ ? | എഫ്) | കെസ്നിക്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കലവറകളിൽ കൂടി മാത്രമാണ് BPL ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ കമ്പി, സിമന്റ് എന്നിവ നൽകി വരുന്നത്. സർക്കാർ ഉത്തരവ് (സാധാരണ) 4/2011/ഭവനം തീയതി 2/2/2011 പ്രകാരമാണ് സിമന്റ്, കമ്പി എന്നിവയുടെ സൗജന്യ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ഇങ്ങനെ വിതരണം ചെയ്യുമ്പോൾ ഉണ്ടാകുന്ന സബ്സിഡി സർക്കാർ |

വിഹിതമായിട്ടാണ് കെസ്നിക്കിന് ലഭിക്കുന്നത്.

ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ നടത്തുന്ന കലവറകൾ സ.ഉ(കൈ) നം.30/2009/ഭവനം തീയതി 5/9/2009 ലെ വ്യവസ്ഥകൾ പ്രകാരമാണ് സിമന്റ്, കമ്പി എന്നിവ വില്പന നടത്തുന്നത്.

**സെക്ഷൻ ഓഫീസർ**